DESPATCHED
On...05/06/2020

28/01/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1396*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 8902/*എസ്.ഐ.സി–ജി 6/2019*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.പി.സുരേന്ദ്രൻ നായർ,**
**കാർത്തിക, ARAE.15 സിറ്റിസൺ കൗൺസിൽ റോഡ്,**
**ആൽത്തറ റോഡ്, ശ്രീകാര്യം പി.ഒ,**
**തിരുവനന്തപുരം – 695 017.**
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **കേരള സർവകലാശാല,**
   **തിരുവനന്തപുരം – 695034.**

2. **അപ്പീൽ അധികാരി ,**
   **കേരള സർവകലാശാല,**
   **തിരുവനന്തപുരം – 695034.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.02.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.03.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 12.04.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.05.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 25.05.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 17.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.സുരേന്ദ്രൻ നായർ 24.05.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും, തുടർന്ന് ഒന്നാം അപ്പീൽ നൽകിയെങ്കിലും മറുപടി ലഭിക്കാത്തതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 25.02.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് കേരളാ യൂണിവേഴ്സിറ്റിയിൽ കരാർ ജീവനക്കാരുടെ വേതനം നിശ്ചയിക്കുന്ന രീതി വ്യക്തമാക്കാമോ? ഇതിലേക്കായി സർക്കാർ ഉത്തരവുകൾ മാനദണ്ഡമാക്കാറുണ്ടോ?, പി.ഡബ്ല്യൂ.ഡി ടെസ്റ്റ് ഹയർ& ലോവർ പ്രകാരം 6–ാം ക്ലാസ്സും വയർമാൻ ലൈസൻസും ഉള്ള ഇലക്ട്രീഷന് 18000 രൂപയും വളരെയധികം യോഗ്യതകൾ വേണ്ട ആഡിറ്റ് ക്ലാർക്കിന് 14000 രൂപയും നിർണ്ണയിച്ചിരിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക, ഇതുപോലെ ഡ്രൈവർ, ലൈൻ ഹെൽപ്പർ, പ്ലംബർ, ഓവർസിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എഞ്ചിനീയറിംങ് കോളേജ് പ്രിൻസിപ്പൾ തുടങ്ങിയവരുടെ ശമ്പളം എങ്ങനെ നിശ്ചയിച്ചുയെന്നും വ്യക്തമാക്കുക എന്നതുമായി ബന്ധപ്പെട്ട് 9 വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 05.10.2019 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 25.02.2019 ൽ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്കായി അപേക്ഷ സംബന്ധിച്ച ഫയൽ ബന്ധപ്പെട്ട ഭരണവിഭാഗം–I, ഭരണവിഭാഗം– II ഡെപ്യൂട്ടി രജിസ്ട്രാർക്കു കൈമാറി ശേഖരിച്ച വിവരം 23.03.2019 ൽ അപ്പീൽ ഹർജിക്കാരനു നൽകിയെങ്കിലും നൽകിയ വിവരം അപൂർണമാണെന്ന് കാണിച്ച് 24.04.2019 ൽ ടിയാൻ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും ചെയ്തു. ടി അപ്പീലിൽ പ്രസ്താവിച്ചിരുന്നത് ടിയാൻ ആവശ്യപ്പെട്ടിരുന്ന ഒന്നാമത്തെ ചോദ്യത്തിന് വ്യകതമായ വിവരം നൽകിയില്ലായെന്നും കരാർ ജീവനക്കാരുടെ വേതനം നിശ്ചയിക്കുന്ന രീതി വ്യക്തമാക്കുമോ എന്ന ചോദ്യത്തിനു സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിലെ തസ്തികയുടെ യോഗ്യത, സേവനത്തിലുണ്ടായിരുന്ന കാലാവധി എന്നിവ കണക്കിലെടുത്താണ് വേതനം നിശ്ചയിക്കുന്നത് എന്ന വ്യക്തമായ മറുപടി നൽകിയെന്നും 4,5,7,8 ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം വകുപ്പ് 2(എഫ്), 2(ജെ) പ്രകാരം മറുപടി നൽകാൻ കഴിയില്ലായെന്നുമാണ്.

4. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച 14.01.2020 ലെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതിൽ ലഭ്യമാക്കുവാൻ കഴിയുന്ന വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും 4,5,7,8 ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം വകുപ്പ് 2(എഫ്), 2(ജെ) പ്രകാരം മറുപടി നൽകാൻ കഴിയില്ലായെന്നും അതിനാലാണ് വിവരങ്ങൾ നൽകാത്തതെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**